# GHS MADATHARAKANI




# തൂലിക 2022

ഗവ: എച്ച് എസ് മടത്തറക്കാണി



**ഹേമലത.റ്റി.എസ്**

**( ഹെഡ്മിസ്ട്രസ്സ് , ജി എച്ച് എസ് മടത്തറക്കാണി)**

**പ്രിയമുള്ളവരെ,**

വിവരവിനിമയ സാങ്കേതിക വിദ്യയിൽ വിദ്യാർഥികൾക്ക് വൈദഗ്ധ്യം നൽകുന്നതിനായി രൂപീകൃതമായ "ലിറ്റിൽ കൈറ്റ്സ് "എന്ന കുട്ടി കൂട്ടായ്മയുടെ നേതൃത്വത്തിൽ നമ്മുടെ കൊച്ചു കൂട്ടുകാർ തയ്യാറാക്കിയ "തൂലിക 2022" ഉള്ളടക്കത്തിലും അവതരണത്തിലും പുതുമ പുലർത്തുന്നതിൽ വളരെയധികം അഭിമാനിക്കുന്നു. മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന് എഴുത്തും വായനയും മികച്ച ഉപാധികളാണെന്ന തിരിച്ചറിവ് വിദ്യാർത്ഥികൾക്കിടയിൽ ഊട്ടിയുറപ്പിക്കുവാൻ ഈ ഉദ്യമത്തിലൂടെ കഴിയട്ടെ എന്ന് ആശംസിക്കുന്നു. സാഹിത്യപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവർത്തനങ്ങൾ തുടരുവാൻ മറ്റു കൂട്ടുകാർക്കും "തൂലിക 2022" ഒരു നിമിത്തം ആകട്ടെ.....

സ്നേഹപൂർവ്വം

ഹേമലത റ്റി എസ്

ഹെഡ്മിസ്ട്രസ്



**പ്രതീഷ്കുമാർ.ജെ**

**( പി.റ്റി.എ.പ്രസിഡന്റ് )**

*കേരളസർക്കാരിന്റെ നവകേരള മിഷന്റെ*
*ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ*
*കാലയളവിൽ നമ്മുടെ വിദ്യാലയം" അന്തർ ദേശീയ നിലവാരത്തിലേക്ക്*
*ഉയരുന്നതിലുള്ള  കർമ്മപദ്ധതികൾ  പുരോഗമിക്കുന്ന*
*ഈ കാലത്ത് സ്കൂളിന്റെ ഈ സംരംഭത്തിന്*
*ഒരായിരം ഭാവുകങ്ങൾ !*



# എം.സുലൈമാൻ

## (വികസനസമിതി ചെയർമാൻ)

പ്രിയമുള്ളവരെ,

മടത്തറ ഗവൺമെന്റ് ഹൈസ്കൂളിന്റെ മഹത്തായ പാരമ്പര്യത്തിന്റെയും വളർച്ചയുടെയും സാമൂഹ്യപ്രതിബദ്ധതയുടെയും നേർചിത്രങ്ങൾ അടയാളപ്പെടുത്തുകയാണ് ഈ എളിയ പരിശ്രമത്തിന്റെ ലക്ഷ്യം . ജ്ഞാനത്തിന്റെയും കലയുടേയും സംസ്കാരത്തിന്റെയും നേർസാക്ഷ്യമായി ഈ നാടിന്റെ നന്മയിൽ കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലമായി പ്രമുഖസ്ഥാനം ഉണ്ടായിരുന്ന ഈ സ്കൂളിന്റെ പുരോഗതിയിൽ നാഴികക്കല്ലുകളായ വ്യക്തികളെയും സംഭവങ്ങളെയും ഓർത്തെടുക്കാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഗ്രാമീണതയുടെ പ്രതീകമായ ഒരു നാടിന്റെ പൂമുഖത്ത് വിളക്കായി തെളിയുന്ന ഈ സ്ഥാപനം മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുവാൻ ഞങ്ങൾക്ക് പിന്തുണ തരുന്ന നല്ലവരായ നാട്ടുകാർക്കും സുഹൃത്തുക്കൾക്കും രക്ഷിതാക്കൾക്കും ആശംസകൾ നേരുന്നു. ഇതിൽ പങ്കാളികളായ എല്ലാവർക്കും സംഘാടകരായ "ലിറ്റിൽ കൈറ്റ്സ്" കുട്ടികൾക്കും അധ്യാപകർക്കും സ്കൂളിന്റെ പേരിലുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം
ചീഫ് എഡിറ്റർ
**വിജയകുമാർ റ്റി**
(ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ )



പ്രിയമുള്ളവരെ,

മടത്തറക്കാണി ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ "തൂലിക 2022" എന്നപേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടുകാർക്കും ഇതിനുവേണ്ടി ഞങ്ങളെ സഹായിച്ച അധ്യാപകർക്കും ഒരായിരം നന്ദി.....

എഡിറ്റോറിയൽ ബോർഡിന് വേണ്ടി

അമരീഷ് നാഥ് എസ്

(ലീഡർ)



മീര എസ്

(ഡെപ്യൂട്ടി ലീഡർ )



# ചുമതലാവിഭജനം

*മാഗസിന് പേര് നിശ്ചയിക്കൽ*

ആയിഷ.എൻ.എസ്

ഗോകുൽ എ ശ്യാം

അശ്വിൻ.റ്റി.എസ്

*സൂക്ഷ്മപരിശോധന*

നബീൽ.എസ്

റിയ ഫാത്തിമ.എസ്

*ടൈപ്പിംഗ്*

സ്നേഹ എസ് മോഹൻ

തൃഷ്ണ.വി.എ

മുഹമ്മദ് അഫ്സൽ

വിശ്വാസ്.ബി

ആദില.എ

അനാമിക.എ.എം

അഭയ.ആർ

*സ്റ്റുഡന്റ് എഡിറ്റർ*

അമരീഷ് നാഥ്.എസ്

മീര.എസ്

*വിഭവങ്ങൾ ശേഖരിക്കുന്നത്*

സൂര്യ.എസ്

സുധീന ബീവി. എസ്

നവമി. വി. എസ്

*എഡിറ്റിംഗ്*

ആർദ്ര ജെ സുനിൽ

അഭിരാം.എം

*ഡിസൈനിംഗ്*

മുഹമ്മദ് അഫ്സൽ

ദേവി സുരേഷ്

*കവർ ചിത്ര നിർമ്മാണം*

സൂര്യ.എസ്

അഞ്ജന.എ.എൽ



പ്രിയമുള്ളവരെ ,

*കൊഴിഞ്ഞുപോയ ഡിസംബർ ബാക്കി വച്ച*
*വെൺമൊട്ടുകൾ,ജനുവരിയുടെ ജാലകപ്പാളിയിൽ*
*മൊഴികളായ് പൂത്ത സൗരഭം*
*ഇവിടെ നാം പങ്കുവയ്ക്കുന്നു ...*
*അസ്വസ്ഥതയുടെ പ്രളയകാലം,*
*ഇത്രനാൾ കാത്ത ചിലത് എന്തൊക്കെയോ*
*തകർത്ത് നൃത്തമാടുന്ന നേരം ...*
*നമ്മളിൽ നിന്നു നാം പലതായിപ്പിരിഞ്ഞിന്നു ഞങ്ങളായ് മാറുന്നപോലെ...*
*അരുത് ...*
*അക്ഷരം കൈപിടിച്ചുയിരു ചേർക്കുന്ന നാൾ*
*ഇനിയുമുണ്ടാവേണമിവിടെ ...*
*ഞങ്ങളിൽ ഞാൻ എന്നതേ ഉള്ളൂ... നമ്മളിലെ നന്മയുള്ളൂ...*
*വെറുതെ വീണുടയുന്ന വാശികൾക്കപ്പുറം*
*വിലയുണ്ട് വാക്കുകൾക്ക് ...*
*അവതന്ന ചിന്തയുടെ വേരുകൾക്ക് ...*
*ഞാനെന്ന ഭാവത്തിനപ്പുറം*
*എനിക്ക് എന്ത് നൽകാനാവുമെന്നതേ ശ്രേഷ്ടം....*
*ഈ താളുകൾ പോലെ തലമുറകൾ മറിയുമ്പോൾ*
*അതു മാത്രമേ കാലം ഓർത്തുവയ്ക്കൂ ...*
*ഈ കൊടും വേനലിൽ ഇവിടെപ്പേഴോ വീണ മഴത്തുള്ളികൾ*
*സർഗ്ഗഭാവങ്ങളായ്, ഹരിത വർണ്ണങ്ങളിൽ, വിവിധ രൂപങ്ങളിൽ*
*നാമ്പെടുക്കുന്നു ...*

*സ്നേഹപൂർവ്വം,*

***ബിന്ദു.ആർ.പി***
*( ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് )*

# സ്കൂളിന്റെ ചരിത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ പെരിങ്ങമ്മല പഞ്ചായത്തിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1924 ൽ ആണ് കലയപുരം കാണി എൽ.പി.എസ് എന്ന പേരിൽ നമ്മുടെ സ്കൂൾ ആരംഭിച്ചത്. ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവ് പ്രാഥമിക വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകിയിരുന്നു. 1964 വരെ പ്രൈമറി വിഭാഗം മാത്രമായിരുന്ന സ്ഥാപനം 1964 മുതൽ മിഡിൽ സ്കൂളായും , 1980 മുതൽ ഹൈസ്കൂളായും ഉയർത്തി.

ഇന്ന് ഏകദേശം 740 വിദ്യാർത്ഥികൾ പഠിക്കുന്ന പഞ്ചായത്തിലെ ഏറ്റവും വലിയ വിദ്യാലയമാണിത്. പ്രീ പ്രൈമറി മുതൽ പത്താം ക്ലാസ് വരെയുള്ള ക്ലാസുകൾ ഇന്ന് നമ്മുടെ സ്കൂളിൽ നിലവിലുണ്ട്. 94 സെന്റ് സ്ഥലം ആണ് നമ്മുടെ സ്കൂൾ കോമ്പൗണ്ടിനകത്തുള്ളത്. ഇന്ന് നമ്മുടെ സ്കൂൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം സ്ഥലപരിമിതി ആണ്. ഹെഡ്മിസ്ട്രസിനെ കൂടാതെ 32 അധ്യാപകരും 4 ഓഫീസ് ജീവനക്കാരും 4 പ്രീപ്രൈമറി ജീവനക്കാരും രണ്ട് പാചക തൊഴിലാളികളും നാല് ബസ് ജീവനക്കാരും ആണ് ഇന്ന് ഈ സ്കൂളിൽ പ്രവർത്തിക്കുന്നത്.

സ്കൂളിന്റെ പുരോഗതിക്ക് വേണ്ടി നിരന്തരം പ്രവർത്തിക്കുന്ന പിടിഎയും സ്കൂൾ വികസന സമിതിയും നിലവിലുണ്ട്. പിടിഎയുടെ പ്രസിഡന്റായി ശ്രീ. ജെ പ്രതീഷ്കുമാറും വികസന സമിതിയുടെ ചെയർമാൻ ആയി ശ്രീ.എം സുലൈമാനും പ്രവർത്തിക്കുന്നു. സ്റ്റാഫ് സെക്രട്ടറിയായി ശ്രീ. റ്റി.വിജയകുമാറും സീനിയർ അസിസ്റ്റന്റായി ശ്രീ. കെ. സുരേഷ് കുമാറും പ്രവർത്തിക്കുന്നു.

പ്രിയമുള്ളവരെ ,

*ലോകം ഭൂമിയ്ക്കപ്പുറത്തേയ്ക്ക്*
*വ്യാപിക്കുകയാണെങ്കിലും*
*വൈജ്ഞാനികലോകം*
*നമ്മുടെ വിരൽത്തുമ്പിലായിക്കഴിഞ്ഞു.*
*സൈബർ ലോകത്തിന്റെ വികസനമാണ്*
*സാങ്കേതികവിദ്യയിലെ ഈ ഉയർച്ചയ്ക്ക് കാരണം.*
*കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ*
*കുട്ടികൾക്ക് ഈ വികസനത്തിന്റെ*
*ഭാഗഭാക്കാകുവാൻ കഴിഞ്ഞത്*
*" ലിറ്റിൽ കൈറ്റ്സ് "എന്ന പദ്ധതിയിലൂടെയാണ്.*
*നമ്മുടെ വിദ്യാലയത്തിലെ കൂട്ടുകാരുടെ*
*സർഗ്ഗവാസനയെ പരിപോഷിപ്പിക്കുന്നതിനും*
*അവയെ എല്ലാവരിലേയ്ക്കും*
*എത്തിക്കുന്നതിനുംവേണ്ടി ഡിജിറ്റൽ*
*സാങ്കേതികവിദ്യ ഉപയോഗിച്ച്*
*" ലിറ്റിൽ കൈറ്റ്സ് "*
*കൂട്ടുകാരും അദ്ധ്യാപകരും ചേർന്ന്*
*തയാറാക്കിയ ഈ മാഗസിൻ*
*നിങ്ങൾക്കായി സമർപ്പിക്കുന്നു.*

*സ്നേഹപൂർവ്വം,*

*സ്റ്റുഡന്റ് എഡിറ്റർ*

അമരീഷ് നാഥ്.എസ് ( 10 C)

# കടങ്കഥ

നന്ദന ആർ 4B

1. അല്പം പോലെ തടിയുണ്ട് അല്പം മാത്രം തലയുണ്ട് — ആമ
2. ഞെട്ടില്ലാ വട്ടയില — പപ്പടം
3. കാള കിടക്കും കയറോടും — മത്തങ്ങ
4. അകത്തറുത്താൽ പുറത്തറിയും — ചക്ക
5. മുറ്റത്തെ ചെപ്പിനടപ്പില്ല — കിണർ
6. ഉറങ്ങും പക്ഷേ കണ്ണടക്കില്ല — മീൻ
7. ഒരു അമ്മയ്ക്ക് ആയിരം മക്കൾ — ചൂൽ
8. അകത്തേക്ക് പോകുമ്പോൾ പച്ച പുറത്തേക്ക് വരുമ്പോൾ ചുവപ്പ് — വെറ്റില
9. അകത്ത് രോമം പുറത്തിറച്ചി — മൂക്ക്
10. അകന്നുനിന്നു നോക്കിക്കാണും കണ്ടതെല്ലാം ഉള്ളിലാക്കും — ക്യാമറ
11. അകത്തിരിപോനെ പുറത്തു കാട്ടും കണ്ണാടി — മുഖം
12. അങ്ങോട്ടോടും ഇങ്ങോട്ടോടും നേരെ നിന്ന് സത്യം പറയും — ത്രാസ്സ്
13. അക്കരെ നിൽക്കും മച്ചമ്പി
    ഇക്കരെ നിൽക്കും മച്ചമ്പി
    കടലിൽ ചാടും മച്ചമ്പി
    കുന്നിൽ മുകളിൽ കയറും മച്ചമ്പി — സൂര്യൻ
14. അച്ഛൻ മുള്ളൻ അമ്മ മിനു മിനു മോള് മണി മണി — ചക്ക
15. അച്ഛൻ തന്ന ചോറുരുള തിന്നിട്ടും തിന്നിട്ടും തീരുന്നില്ല — ചുണ്ണാമ്പ്
16. അച്ഛൻ സൂര്യൻ അമ്മ കടൽ
    കടൽ തൊട്ട്കൊട്ടാരം വരെ പ്രവേശനമുള്ള
    ഇത്തിരി കുഞ്ഞിന്റെ പേര് ചൊല്ലാമോ? — ഉപ്പ്

ലാലു.എം.എസ്
എച്ച് എസ് ടി മലയാളം

# ഉയർത്തെഴുന്നേൽപ്പ്

വെറുമൊരോർമ്മ വിട്ടുയിരു ചൂടുന്നിതാ
കരളുപൊട്ടിച്ചുരന്നവൾ  മൂന്നാർ....
മലയിടിഞ്ഞു കുടിയിറങ്ങിപ്പോയ
വഴികൾമെല്ലെത്തിരിച്ചു കേറുന്നിതാ.....
ഹരിതനാമ്പുകൾക്കിടയിൽ നിന്നും മഴ–
ച്ചടവുമാറ്റിക്കൺ തുറന്നൂ കുറിഞ്ഞികൾ.....
പ്രണയനീഹാരമൂതിപ്പുതപ്പിച്ചു
വ്രണിതമാനസം മൂടുന്നു കുന്നുകൾ......!
കരയിലേറിക്കടന്നുഗ്ര താണ്ഡവം
ചടുലമാടിത്തിമിർത്ത പെരിയാറിവൾ
കടവിലിന്നാനന്ദ ലാസ്യതാളം നെയ്തു
കനവുപോൽ നീണ്ടു നീണ്ടോടി മാഞ്ഞീടുന്നു...
പുരികവില്ലുചുളിച്ചാത്മ രോഷത്തിൻ
പരിധിവിട്ടു പടർന്നവൾ പമ്പയും
ശരണമന്ത്രത്തിരകളാൽ ശാന്തയായ്
ചരണമാകെ തലോടിത്തുളുമ്പുന്നു...
ഇടമലയാറുമിടനെഞ്ചുപൊട്ടിയ–
ന്നിടറി വീണയിടത്താവളങ്ങളും
ഇമതുടച്ചു വിളിക്കുന്നു പിന്നെയും
“ഇവിടെ ഞങ്ങളുണ്ടിങ്ങോട്ടു പോരിക....”
തിരികൾ നീട്ടുന്നുയർത്തെഴുന്നേൽപ്പിന്റെ
ചിരിയുമായ് കുട്ടനാടിൻ കതിരുകൾ...
ഫണമുയർത്തിപ്പെരും പ്രളയം വന്ന
ഇവിടെയിങ്ങനെയാണിതു കേരളം
ഇല്ലായ്മ ചെയ്യുവാനാവാത്തതാം വിധം
അടികൾ മൂന്നാലളന്നെടുത്തീടിലും
അടിപതറാത്തതാം സംസ്കാര പൈതൃകം....!
ആജ്ഞകൾ കൊണ്ടല്ലിവിടെ വളർന്നു നാം
ആത്മബോധത്താലകമേ വിളഞ്ഞവർ
ഭിക്ഷ ചോദിക്കുമർത്ഥിക്കൂതൻ സ്വയ–
രക്ഷ നോക്കാതെ , ശീർഷം കൊടുത്തവർ....!
പരശുനീട്ടി, പരശതം , വേർപ്പിന്റെ
കടൽ കടഞ്ഞു മെനഞ്ഞതാം നാടിതു
ദുരിതമെത്രമേൽ മുക്കിയാലും കുളി–
ച്ചുദയ സൂര്യ പ്രഭയിൽ ചിരിച്ചിടും...
വാമനത്വം മനസ്സിലൊളിപ്പിച്ചു
മാറി മാറി ഭരിച്ച പ്രമാണിമാർ
തന്നതൊക്കെപ്പൊളിവചനങ്ങളും
കള്ളനാഴിയിൽ കണ്ണുനീർക്കയ്പ്പും...!
എങ്കിലും സ്വയം കേറിനാം പാതാള
പങ്കിലാഴങ്ങളിൽ നിന്നുമോരോ വർഷം
മണ്ണിലും മറുനാട്ടിലും വീഴിച്ച,
എണ്ണമില്ലാത്ത വിയർപ്പിൻ കരുത്തുമായി...
ഇന്നുമതു തുടരുന്നൂ തളരാതെ,
ഇന്നലകളെ തെല്ലും മറക്കാതെ...
വന്ന് പോകുമധികാര ധാർഷ്ട്യങ്ങൾ

ഗവഃ എച്ച് എസ്  മടത്തറക്കാണി

ദേവിക
( 9 സി )

## അമ്മ

പാട്ടുപാടിത്തരാനമ്മയുണ്ട്
ചോറു വാരിത്തരാനമ്മയുണ്ട്
കൂട്ടു കൂടീടുവാൻ ചേട്ടനുണ്ട്
കൂടെ കളിക്കുവാൻ ചേച്ചിയുണ്ട്
തോളത്തെടുക്കുവാനപ്പൂപ്പൻ
കൂടെക്കിടക്കുവാനമ്മൂമ്മ
പുത്തനുടുപ്പുവാങ്ങിത്തരുന്ന
അച്ഛനെ എനിക്കേറെയിഷ്ടം
എന്നാലും എന്റെ അമ്മയാ
ണെനിക്ക് ഏറെ ഇഷ്ടം.

സമുദ്രജലത്തിലെ ഏതാനും തുള്ളികൾ മലിനമായാൽ
സമുദ്രം മുഴുവൻ മലിനമാകില്ല. മനുഷ്യനും മനുഷ്യവംശവും
അതുപോലെയാണ്

ഗാന്ധിജി

# ലിറ്റിൽ കൈറ്റ്സ്

സാങ്കേതികവിദ്യയോടുള്ളപുതുതലമുറയുടെ ആഭിമുഖ്യം ഗുണപരവുംസർഗ്ഗാത്മകവുമായി പ്രയോജനപ്പെടുത്തുന്നതിനായി " ലിറ്റിൽ കൈറ്റ്സ് " എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ വളരെ വിജയകരമായി നമ്മുടെ സ്കൂളിൽ നടന്നു വരുന്നു. കൈറ്റ്സിലെ കുട്ടികൾ വളരെ ഉൽസാഹത്തോടുകൂടിയാണ് എല്ലാ ബുധനാഴ്ചകളിലും ചില ശനിയാഴ്ച - കളിലും നടക്കുന്ന ക്ലാസുകളിൽ പങ്കെടുക്കുന്നത്. അനിമേഷൻ പ്രോഗ്രാമിംഗ് , മൊബൈൽ ആപ് നിർമ്മാണം , റോബോട്ടിക്സ് , ഇലക്ട്രോണിക്സ് , ഹാർഡ്‌വെയർ , മലയാളം ടൈപ്പിംഗ് , ഇൻർനെറ്റ് തുടങ്ങി വിവിധ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. " ലിറ്റിൽ കൈറ്റ്സ് " റിസോഴ്സ് പേഴ്സൻമാരുടെ പരിശീലനം തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് ലഭികുന്നുണ്ട്. കൈറ്റ് മാസ്റ്റർ ശ്രീ വിജയകുമാര്.റ്റി , കൈറ്റ് മിസ്ട്രസ് ശ്രീമതി .ബിന്ദു.ആർ.പി എന്നിവരുടെ നേതൃത്തിലാണ് പരിശീലനം നടക്കുന്നത്.




## *നമ്മുടെ സ്കൂളിലെ വിവിധ ക്ലബ്ബുകൾ*



# അക്ഷരശ്ലോക സമിതി

നമ്മുടെ സ്കൂളിൽ യു പി വിഭാഗത്തിനും എച്ച് എസ് വിഭാഗത്തിനും പ്രത്യേക- മായി സമിതികളുണ്ട്. എല്ലാ മാസവും അക്ഷരശ്ലോക പരിപാടി സംഘടിപ്പിക്കുന്നുണ്ട്. ഈ സ്കൂളിലെ മലയാളം വിഭാഗം അധ്യാപകരാണ് ഇതിന് നേതൃത്വം നൽകുന്നത്. വിദഗ്ധർ നയിക്കുന്ന പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

" യഥാ ശിഖാ മയൂരാണം
നാഗാനാം മാണിക്യോ തഥാ
തദ്വദ് വേദാംഗ ശാസ്ത്രാണാം
ഗണിതം മൂർധിനി സ്ഥിതം "

---- വേദാംഗ ജ്യോതിഷം